**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3666** **12-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ ബി ഗണേഷ് കുമാർ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. നടത്തുന്ന കൊറിയർ സർവ്വീസിനെപ്പറ്റിയും ആയതിന്റെ ഡിപ്പോകളിലെ സമയക്രമത്തെപ്പറ്റിയും വിശദമാക്കാമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ കേന്ദ്രീകരിച്ചാണ് പാഴ്സലുകളുടെ കൈമാറ്റം നടത്തിവരുന്നത്. നിലവിൽ 46 ഡിപ്പോകളിൽ ലോജിസ്റ്റിക്സ് കൗണ്ടർ നിലവിലുണ്ട്. പ്രധാനപ്പെട്ട ഡിപ്പോകളിൽ 24 മണിക്കൂറും അല്ലാത്ത ഡിപ്പോകളിൽ 12 മണിക്കൂറും എന്ന ക്രമത്തിലാണ് നിലവിൽ പ്രവർത്തനം നടന്നു വരുന്നത്. കൗണ്ടറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>24 മണിക്കൂർ കൗണ്ടറുകൾ</u><br><br>തിരുവനന്തപുരം സെൻട്രൽ, കൊല്ലം, കൊട്ടാരക്കര, കോട്ടയം, വൈറ്റില, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ്, സുൽത്താൻബത്തേരി, കണ്ണൂർ, കോയമ്പത്തൂർ.<br><br><u>12 മണിക്കൂർ കൗണ്ടർ</u><br><br>കാട്ടാക്കട, പൂവാർ, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, കിളിമാനൂർ, കരുനാഗപ്പള്ളി, പുനലൂർ, പത്തനംതിട്ട, അടൂർ, തിരുവല്ല, ചെങ്ങന്നൂർ, കായംകുളം, ആലപ്പുഴ, ചേർത്തല, ചങ്ങനാശ്ശേരി, പാലാ, ഈരാറ്റുപേട്ട, തൊടുപുഴ, മൂന്നാർ, അങ്കമാലി, മൂവാറ്റുപുഴ, കോതമംഗലം, ചാലക്കുടി, ഗുരുവായൂർ, മലപ്പുറം, പെരിന്തൽമണ്ണ, നിലമ്പൂർ, തിരൂർ, മഞ്ചേരി, പയ്യന്നൂർ, കൽപ്പറ്റ, മാനന്തവാടി, നാഗർകോവിൽ. |
| (ബി) | പ്രസ്തുത കൊറിയർ സർവ്വീസ് കെ.എസ്.ആർ.ടി.സി.യുടെ വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കാരണമായിട്ടുണ്ട്. പ്രസ്തുത കൊറിയർ സർവീസിലൂടെ നാളിതുവരെ 8 കോടിയിലധികം രൂപ വരുമാനമായി സമാഹരിച്ചിട്ടുണ്ട്. |
| (സി) | ട്രാക്കിംഗ്, എസ്.എം.എസ്. അപ്ഡേറ്റ് എന്നീ സംവിധാനങ്ങൾ കൂടി ഏർപ്പെടുത്തി കെ.എസ്.ആർ.ടി.സി. കൊറിയർ സർവ്വീസിനെ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ | (സി) | പരിഗണനയിലുണ്ട്. ആയതിലേക്കായി സ്റ്റാർട്ട്അപ് കമ്പനികളുമായി ചർച്ചകൾ നടന്നുവരുന്നു. ഹോം ഡെലിവറിയുമായി ബന്ധപ്പെട്ട് കുടുംബശ്രീയുമായി ചർച്ചകൾ നടത്തിവരുന്നു. |

| | | | |
|---|---|---|---|
| | സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ